## ഇടയശബ്ദം

# ലഹരിയും നവഭാരത സ്വപ്നവും

ഐക്യദീപത്തിന്റെ ഈ ലക്കം ലഹരിയും നവഭാരതസ്വപ്നവും എന്ന ഏറെ കാലികപ്രസക്തിയുള്ള വിഷയം ചർച്ച ചെയ്യുന്നു എന്നതിൽ സന്തോഷമുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നവും ലഹരിവിമുക്തമായ നവഭാരതം എന്നതായിരുന്നു.

ഒരുവ്യക്തിയെ കീഴ്പ്പെടുത്തുവാൻ നേരിട്ടുള്ള ദ്വന്ദയുദ്ധം നടത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ദ്വന്ദ യുദ്ധം നന്നല്ലെങ്കിലും അതിൽ നേരിന്റെ അംശം ഉണ്ടായിരുന്നു എന്നു സമ്മതിക്കണം. പിന്നെ ഒളിപ്പോരാളികളെ ദൗത്യം ഏല്പിക്കുന്നതായി അത് വളർന്നു. എന്നാൽ ആധുനിക ലോകത്തിന്റെ തന്ത്രം മദ്യമയക്ക് മരുന്നാദിയായ ലഹരിപദാർത്ഥങ്ങൾ എത്തിപ്പിടിക്കാവുന്ന ദൂരത്തിൽ സംലഭ്യമാക്കിയാൽ മതി എന്നായിരിക്കുന്നു. അവരുടെ മരണവാറന്റ് അവർ തന്നെ എഴുതി ഒപ്പിട്ടുകൊള്ളും എന്ന സ്ഥിതിയിലാണ് കാര്യങ്ങൾ എത്തി നിൽക്കുന്നത്. പ്രതിയെ കണ്ടെത്തേണ്ട ബാദ്ധ്യത ആർക്കും ഇല്ലതാനും. ഇങ്ങനെയുള്ള നഷ്ടത്തിന്റെ പേരിൽ തീരാക്കണ്ണീരുമായി എത്രയോ ഭാര്യമാർ, അമ്മമാർ, അനാഥ ബാല്യങ്ങൾ നമ്മുടെ രാജ്യത്ത് വിലാപത്തോടെ കിടന്നുറങ്ങുകയും നെടുവീർപ്പോടെ ഞെട്ടി ഉണരുകയും ചെയ്യുന്നു. ഭീകരവും മാരകവും നാരകീയവുമായ ദുരവസ്ഥയാണിത്. ഇതിന്റെ ഇരകൾ നാം തന്നെയാണ്; നമ്മുടെ നവഭാരതസ്വപ്നം തന്നെയാണ്. നല്ല സ്വപ്നങ്ങൾ ഇവിടെ കൊഴിഞ്ഞു വീണു കരിയുന്നു; നമ്മുടെ ശുഭപ്രതീക്ഷകൾ അകാലചരമം പ്രാപിക്കുന്നു. ഇതിനെതിരെ സമൂഹമൊന്നാകെ ജാഗ്രത പാലിച്ചേ മതിയാകൂ.

ഞാൻ ഒരു മണിക്കൂർ നേരത്തേക്ക് ഇന്ത്യയുടെ സർവ്വാധിപതിയായാൽ ആദ്യം ചെയ്യുക, ഇന്ത്യയിലെ മദ്യഷാപ്പുകൾ മുഴുവൻ പ്രതിഫലം കൊടുക്കാതെ അടച്ചുപൂട്ടുകയായിരിക്കും. മദ്യത്തിൽ നിന്നുള്ള നികുതി പാപത്തിന്റെ കൂലിയാണ് - പറയുന്നത് നവഭാരതസ്വപ്നം സാക്ഷാത്കരിക്കുവാൻ ആയുസ്സ് നീക്കിവെച്ച മഹാത്മജി തന്നെയാണ്. വെറും മദ്യപാനത്തിൽ നിന്ന് മയക്കുമരുന്നുകളുടെ ആപത്ക്കരമായ തലങ്ങളിലേക്ക് രാജ്യം പൊയ്ക്കൊണ്ടിരിക്കുന്നു. ലഹരി ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് നടത്തുന്ന വികസന മുന്നേറ്റ ശ്രമങ്ങൾ അല്പായുസ്സായിരിക്കും. സാംസ്കാരിക നായകന്മാർക്ക് ഇക്കാര്യത്തിൽ രാഷ്ട്രത്തെ നേർദിശയിൽ നയിക്കുവാൻ ഏറെക്കാര്യങ്ങൾ ചെയ്യാനുണ്ടാകും. പക്ഷേ അവരും ഇതിനെ ഗുരുതരമായ പ്രശ്നമായി കാണുന്നില്ലെന്നു തോന്നുന്നു. 'നല്ല ചെടികളോടൊപ്പം കളകളും കൊയ്ത്തുവരെ വളരുവാനുള്ള' സ്വാതന്ത്ര്യം നല്കുകയാവും! ഈ മട്ടിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ അത് ആശാവഹമല്ല എന്നു പറയേണ്ടിവരുന്നു.

ലഹരി വിരുദ്ധദിനാചരണത്തിന് ഒരു ദിവസം നീക്കിവെച്ചതുകൊണ്ട് നീങ്ങുന്ന പ്രശ്നമല്ലിത്. ഭീകരവിരുദ്ധ ദിനാചരണത്തിന് ഒരു ദിവസം ഘോഷയാത്ര നടത്തിയാൽ ഭീകരവാദവും ഭീകരപ്രവർത്തനങ്ങളും തീരുന്നതല്ലല്ലോ. മറിച്ച് നാം ജീവിക്കുന്ന കാലമത്രയും ഭീകരവാദം നിലനിൽക്കുന്ന കാലമത്രയും, ജാഗ്രത പാലിച്ചേ പറ്റൂ. രാഷ്ട്രങ്ങൾ അക്കാര്യത്തിൽ തൃപ്തികരമായ ശ്രദ്ധ പുലർത്തിയിട്ടും അവിടവിടെ അവരുടെ വിളയാട്ടം തുടരുന്നു. അതിനൊപ്പമോ ഉപരിയായോ ഉള്ള ശ്രമവും ശ്രദ്ധയും മദ്യമയക്കുമരുന്ന് ജന്യമായ പ്രശ്നപരിഹാരത്തിനും കൂടിയേ കഴിയൂ.

ലഹരിക്കു പറയാനുള്ളത് കണ്ണുനീരിന്റെ കദനകഥമാത്രമാണ്. പേക്കൂത്തുകളുടെയും അഴിഞ്ഞാട്ടങ്ങളുടെയും പോരാട്ടങ്ങളുടെയും കുടിപ്പകയുടെയും രക്തച്ചൊരിച്ചിലിന്റെയും കഥകൾ! വാർത്താ മാദ്ധ്യങ്ങളിൽ സിംഹഭാഗവും ആ കഥകളാണ് നിറഞ്ഞിരിക്കുന്നതും. നാരകീയശക്തികളുടെ ശക്തമായ ആയുധമാണ് ലഹരിപദാർത്ഥങ്ങൾ. വ്യക്തികളുടെ മാത്രമല്ല സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കും സ്വപ്നസാക്ഷാത്ക്കാരത്തിനും ലഹരിവിമുക്ത അന്തരീക്ഷം സംജാതമാകണം. നിലവാരമുയർത്തിയാൽ ബാറുകൾക്ക് ലൈസൻസ് നൽകുമെന്നു പറയുന്നതിലെ യുക്തി കച്ചവടതാല്പര്യമല്ലാതെ ഒന്നുമല്ല. മാരകമായ വിഷം സുവർണ്ണചഷകത്തിൽ നൽകിയാൽ അത് മാരകമല്ലാതാകുമോ? കേവലം നിലവാര പ്രശ്നമായി വിഷയത്തെ കുറച്ചു കാട്ടുന്നത് ലളിതമായി പറഞ്ഞാൽ നിലവാരമില്ലായ്മയാണ്. ആ കൗശലം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നതിന് മാത്രമേ ഉപകരിക്കൂ. നിലവാരം കൂടിയ ഇടങ്ങളിൽ നിലവാരമുള്ള ലഹരി വിളമ്പിയാൽ വ്യക്തിത്വ നിലവാരം ഉയരുകയില്ല എന്നാർക്കാണറിയാത്തത്. സ്വഭവനങ്ങളിൽ പോലും അവരുടെ നിലവാരം കുത്തനെ ഇടിയുകയല്ലേ? മക്കളും കുടുംബ ബന്ധങ്ങളും ധാർമ്മികതയും കൈവിട്ടുപോകുന്നതിന്റെ കാരണങ്ങൾ ഏറിയപങ്കും ലഹരിജന്യമായ പ്രശ്നങ്ങളാണ്. "വയസ്സുകാലത്ത് മറ്റൊന്നും വേണ്ട, മന:സമാധാനത്തോടെ ജീവിക്കാൻ അനുവദിച്ചാൽ മതിയെന്ന് പല തവണ കെഞ്ചിപ്പറഞ്ഞിട്ടും അവൻ കേട്ടില്ല. മദ്യപിച്ചെത്തിയാൽ എന്നും വഴക്കും അടിയും തന്നെ. മദ്യപിച്ചെത്തി അമ്മയെ ഉപദ്രവിക്കുന്നത് പതിവായിരുന്നുവത്രേ. മറ്റൊരു ഗതിയുമില്ലാതെ വന്നതോടെയാണ് അറ്റകൈ പ്രയോഗിച്ചത് ". മദ്യപനായ മകനെ കൊലപ്പെടുത്തിയ പിതാവിന്റെ രോദനം പത്രത്താളുകളിൽ നിരന്നതിങ്ങനെ. ഇവ്വിധമുള്ള വാർത്തകൾ അവസാ

നിക്കുന്നില്ല. അമിതപുകവലി മൂലം ഭർത്താവ് മരിച്ചതിന് രാജ്യത്തെ പ്രമുഖ പുകയില കമ്പനിയായ R. J. Reynolds അകാല ചരമമടഞ്ഞവന്റെ ഭാര്യക്ക് 2360 കോടി ഡോളർ നഷ്ടപരിഹാരം നൽകുവാൻ ഫ്ളോറിഡയിൽ അമേരിക്കൻ കോടതി വിധിച്ചു. ഒരേ ദിവസത്തെ രണ്ടു വാർത്തകളും വിഷയത്തിന്റെ ഗൗരവത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. കോടതികൾ നമ്മുടെ നാട്ടിലും ശക്തമായ നിലപാടുകൾ എടുക്കുന്നത് മാത്രമാണ് ഏക ആശ്വാസം. പക്ഷേ അതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല.

മദ്യോപഭോഗത്തിൽ കേരളം രാജ്യത്ത് പ്രഥമസ്ഥാനത്തെത്തി എന്നത് അഭിമാനമായി കരുതാവുന്നതല്ല. പ്രൈമറി ക്ലാസ്സുകൾ കടക്കുന്നതോടെ വിദ്യാർത്ഥിലോകം ലഹരിയുടെ ലോകത്തിലെ കാണാക്കയങ്ങളിലേക്ക് മുങ്ങാംകുഴി ഇടുന്നതായി സർവ്വേകൾ വ്യക്തമാക്കുന്നതും ഭയാശങ്കയോടെ മാത്രമേ കേൾക്കാൻ കഴിയൂ. യുവാക്കൾക്കൊപ്പം യുവതികളും മത്സരബുദ്ധിയോടെ ഈ രംഗത്ത് ഇടംപിടിക്കുന്നതും പഠനങ്ങൾ പറയുന്ന കാര്യങ്ങൾ തന്നെ.

മദ്യവരുമാനം വേണ്ടെന്നു വയ്ക്കുവാൻ ഭരണകൂടത്തിനു കഴിയുന്നില്ല. മദ്യവരുമാനം മുഴുവൻ ഡീ-അഡിക്ഷൻ സെന്ററുകൾക്കും, റീഹാബലിറ്റേഷൻ കേന്ദ്രങ്ങൾക്കും ബോധവത്ക്കരണ പ്രക്രിയകൾക്കും, നിലവാരമുയർത്തലിനും ചെലവിടേണ്ടി വരുന്ന ശോച്യാവസ്ഥയും കണ്ടില്ലെന്നു നടിക്കാൻ കഴിയുമോ? കോടതി വിധിച്ച 'സേഫ് സോൺ - സേഫ് സ്ക്കൂൾ' പ്രഖ്യാപനം ശ്ലാഘനീയമെന്നു പറയുമ്പോഴും സംശയം നിലനിൽക്കുന്നു. സേഫ് സോണിന് പുറത്തിറങ്ങിയാൽ സേഫ് അല്ലല്ലോ. നിലവാരമുള്ള ബാറിൽ നിന്നു വരുന്ന പിതാവിന്റെയും സേഫ് സോൺ വിട്ടുവരുന്ന കുട്ടികളുടെയും സ്ത്രീകളുടെയും സംഗമവേദിയായ ഭവനം സേഫ് സോണാകുന്നില്ലല്ലോ. ബാറുകളിലല്ലല്ലോ ഭവനങ്ങളിലാണല്ലോ പ്രശ്നങ്ങൾ അരങ്ങേറുന്നത്. ഭവനങ്ങളുടെയും പാർപ്പിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ ഭരണകൂടത്തിന് ബാദ്ധ്യതയില്ലെന്ന് വരുമോ?

തിന്മകളുടെ എല്ലാ പ്രഹരവും ആഘാതവും കൂടുതൽ ഏല്ക്കേണ്ടി വരുന്നതും ഇരകളാക്കപ്പെടുന്നതും സ്ത്രീകളും കുട്ടികളുമാണെന്ന കാര്യം വിസ്മരിക്കരുത്. ഭാവി വാഗ്ദാനങ്ങളും നവഭാരതസ്വപ്നത്തിന് ചിറക് മുളപ്പിക്കേണ്ടവരുമായ കുഞ്ഞുങ്ങൾക്ക് നിർഭയം ജീവിക്കുവാനും നിർബാധം സഞ്ചരിക്കുവാനും കഴിയുന്നില്ലെങ്കിൽ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയില്ല.

മാതാപിതാക്കൾക്ക് മാതൃകാപരമായി പെരുമാറാൻ കഴിയണം. കുട്ടികൾക്ക് ബോധവത്ക്കരണം നൽകുന്നതിൽ അദ്ധ്യാപകർക്കും കലാശാലകൾക്കുമുള്ള പങ്ക് വലുതാണ്. സഭയും സഭാസംഘടനകളും സാംസ്കാരിക നായകന്മാരെ അണിചേർത്ത് ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് മുമ്പിലുണ്ടാകണം; മാതൃക കാട്ടുകയും വേണം. കുടുംബക്കൂട്ടായ്മകൾ, കമ്മറ്റി തെരഞ്ഞെടുപ്പുകൾ, പൊതുയോഗങ്ങൾ...........എന്നിവയൊക്കെ ഗൗരവമായ ഈ വെല്ലുവിളിക്കെതിരെ ജാഗ്രത നിലനിർത്താൻ എക്കാലവും ശ്രദ്ധിക്കുകയും വേണം. നമ്മുടെ സ്വപ്നങ്ങൾ പൂവണിയട്ടെ. ഒരായിരം പൂക്കൾ വിരിയട്ടെ. നവഭാരത സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടട്ടെ.